# ജില്ലാ ബാങ്ക് വാർത്ത

കാസർകോട് ജില്ലാ സഹകരണ ബാങ്ക് ന്യൂസ് ബുള്ളറ്റിൻ

**പുസ്തകം ഒന്ന്** **ലക്കം അഞ്ച്** **ഒക്ടോബർ 2012**


# സഹകരണ ബാങ്കുകളെ നെഞ്ചോട് ചേർത്ത് നിർത്തി സംരക്ഷിക്കണം: കേന്ദ്ര മന്ത്രി മുല്ലപ്പള്ളി രാമചന്ദ്രൻ

## ജില്ലാ സഹകരണ ബാങ്ക് അലാമിപ്പള്ളി ശാഖ മന്ത്രി ഉദ്ഘാടനം ചെയ്തു

**കാസർകോട്:** കാസർകോട് ജില്ലാ സഹകരണ ബാങ്ക് 36-ാമത് ശാഖ കാഞ്ഞങ്ങാട് അലാമിപ്പള്ളി പുതിയ ബസ്റ്റാന്റിന് സമീപം കേന്ദ്ര ആഭ്യന്തര സഹമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. സഹകരണ ബാങ്കുകളെ എന്റെ ബാങ്ക് എന്ന നിലയിൽ നെഞ്ചോട് ചേർത്ത് നിർത്തി സംരക്ഷിക്കാൻ എല്ലാവരും തയ്യാറാകണമെന്ന് അദ്ദേഹം പറഞ്ഞു. ബാങ്കിംഗ്, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങി സർവ്വ മേഖലകളിലും സ്വാധീനമുള്ള സഹകരണ മേഖല ഇന്ന് നമ്മുടെ സംസ്കാരമായി മാറിയിരിക്കുകയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

കാഞ്ഞങ്ങാട് നഗരസഭ ചെയർപേഴ്സൺ ഹസീന താജുദ്ധീൻ കമ്പ്യൂട്ടർ സ്വിച്ച് ഓൺ കർമ്മവും സഹകരണ ഡെപ്യൂട്ടി റജിസ്ട്രാർ (ജനറൽ) കെ ശ്രീധരൻ നായർ സ്ട്രോംഗ് റൂം ഉദ്ഘാടനവും നിർവ്വഹിച്ചു. കാഞ്ഞങ്ങാട് നെഹ്റു കോളേജ് പ്രിൻസിപ്പൽ ഡോ. ഖാദർ മാങ്ങാട് ലോക്കർ ഉദ്ഘാടനം ചെയ്തു. ജില്ലാ സഹകരണ ബാങ്ക് മുൻ പ്രസിഡന്റ് എം വി കോമൻ നമ്പ്യാർ വായ്പാ വിതരണം നടത്തി. ജില്ലാ സഹകരണ ബാങ്ക് മുൻ പ്രസിഡന്റ് അഡ്വ. കെ പുരുഷോത്തമൻ ആദ്യ നിക്ഷേപം ഏറ്റുവാങ്ങി. സ്വാഗത സംഘം ചെയർമാൻ അഡ്വ. സി കെ ശ്രീധരൻ കുടുംബശ്രീ അയൽക്കൂട്ട വായ്പാ വിതരണം ഉദ്ഘാടനം ചെയ്തു.



*ജില്ലാ സഹകരണ ബാങ്ക് അലാമിപ്പള്ളി ശാഖയുടെ ഉദ്ഘാടനം കേന്ദ്ര ആഭ്യന്തര സഹമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രൻ നിർവ്വഹിക്കുന്നു.*

ചടങ്ങിൽ സഹകരണ ഡെപ്യൂട്ടി റജിസ്ട്രാർ (ജനറൽ) കെ ശ്രീധരൻ നായർ അധ്യക്ഷത വഹിച്ചു. ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ റിപ്പോർട്ട് അവതരിപ്പിച്ചു. നഗരസഭാ വൈസ് ചെയർമാൻ പ്രഭാകരൻ വാഴുന്നോറടി, സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ ടി അബൂബക്കർ ഹാജി, നഗരസഭാ കൗൺസിലർമാരായ സി കെ വത്സലൻ, ടി വി ശൈലജ, എം മാധവൻ, എ മോഹനൻ നായർ, കെ വി നാരായണൻ, ബി സുകുമാരൻ, എം അസൈനാർ, വി വി രമേശൻ, കാറ്റാടി കുമാരൻ, പി രാമചന്ദ്രൻ, എം കുഞ്ഞമ്പാടി, ഡോ.കെ പി സുധാകരൻ നായർ, എം മുഹമ്മദ് കുഞ്ഞി ചിത്താരി തുടങ്ങിയവർ പ്രസംഗിച്ചു. ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ എ അനിൽകുമാർ സ്വാഗതവും മാനേജർ കെ മോഹനൻ നന്ദിയും പറഞ്ഞു.

# ചെറുകിട സംരംഭകത്വ സെമിനാർ സംഘടിപ്പിച്ചു

**കൊവ്വൽപ്പള്ളി:** ജില്ലാ സഹകരണ ബാങ്ക് അലാമിപ്പള്ളി ശാഖ ഉദ്ഘാടനത്തിന്റെ ഭാഗമായി കാഞ്ഞങ്ങാട് നഗരസഭാ 10, 17 വാർഡുകളിലെ എ.ഡി.എസിന് കീഴിലുള്ള കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കായി ജില്ലാ സഹകരണ ബാങ്കിലെ ക്രെഡിറ്റ് കൗൺസലിംഗ് ആന്റ് ലൈവ്‌ലിഹുഡ് പ്രൊമോഷൻ സെന്ററിന്റെ (കൈത്താങ്ങ് ) നേതൃത്വത്തിൽ ചെറുകിട സംരംഭകത്വ സെമിനാർ സംഘടിപ്പിച്ചു. 17 ാം വാർഡ് എ.ഡി.എസിന് കീഴിലുള്ള കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കായി കൊവ്വൽപള്ളി ശ്രീനാരായണ നഴ്സറി സ്കൂളിൽ നടന്ന സെമിനാർ നഗരസഭാ കൗൺസിലർ എം മാധവൻ ഉദ്ഘാടനം ചെയ്തു. 17ാം വാർഡ് എ.ഡി.എസ് ചെയർപേഴ്സൺ സുനീറ അധ്യക്ഷതവഹിച്ചു. ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ, പി എ ടു പ്രസിഡന്റ് വി കൃഷ്ണൻ എന്നിവർ പ്രസംഗിച്ചു. അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺ കുമാർ ക്ലാസെടുത്തു. മാനേജർ കെ മോഹനൻ സ്വാഗതവും പബ്ലിക് റിലേഷൻസ് ഓഫീസർ സി സഹദ് നന്ദിയും പറഞ്ഞു.

പത്താം വാർഡ് എ.ഡി.എസിന് കീഴിലുള്ള കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കായി ബല്ല ഈസ്റ്റ് ഗവ. എച്ച്.എസ്.എസിൽ നടന്ന സെമിനാർ ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. എ.ഡി.എസ് ചെയർപേഴ്സൺ വി വി ശ്യാമള അധ്യക്ഷതവഹിച്ചു. കാഞ്ഞങ്ങാട് നഗരസഭ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ സി ജാനകിക്കുട്ടി, കൗൺസിലർ കുസുമം എന്നിവർ പ്രസംഗിച്ചു. ജില്ലാ വ്യവസായ കേന്ദ്രം ഡെപ്യൂട്ടി റെജിസ്ട്രാർ ടി ദിനേശൻ ക്ലാസെടുത്തു. അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺ കുമാർ സ്വാഗതവും മാനേജർ കെ മോഹനൻ നന്ദിയും പറഞ്ഞു.



*അലാമിപ്പള്ളി ശാഖാ ഉദ്ഘാടനത്തിന്റെ ഭാഗമായി കൊവ്വൽപ്പള്ളി ശ്രീ നാരായണ സ്കൂളിൽ സംഘടിപ്പിച്ച സെമിനാർ കൗൺസിലർ എം മാധവൻ ഉദ്ഘാടനം ചെയ്യുന്നു.*

## സിൽവർ ജൂബിലി പ്രത്യേക നിക്ഷേപ പദ്ധതി വിജയിപ്പിക്കുക

സിൽവർ ജൂബിലി വർഷത്തിൽ കാസർകോട് ജില്ലാ സഹകരണ ബാങ്ക് ഇടപാടുകാർക്കായി പ്രത്യേക നിക്ഷേപ പദ്ധതി ആരംഭിച്ചിരിക്കുകയാണ്. ഇതുപ്രകാരം 400 ദിവസത്തെ നിക്ഷേപങ്ങൾക്ക് 10 ശതമാനം മുതൽ 10.5 ശതമാനം വരെ പലിശ നൽകും. മുതിർന്ന പൗരൻമാരുടെ നിക്ഷേപങ്ങൾക്കാണ് 10.5 ശതമാനം പലിശ ലഭിക്കുക. ബാങ്കിംഗ് മേഖലയിൽ നിക്ഷേപങ്ങളുടെ പലിശ നിരക്ക് നിലവിൽ കുറവാണെന്നിരിക്കെ ഇടപാടുകാർക്ക് തങ്ങളുടെ പണം ഉയർന്ന പലിശ നിരക്കിൽ നിക്ഷേപിക്കാനുള്ള അവസരമാണ് സിൽവർ ജൂബിലി നിക്ഷേപ പദ്ധതിയിലൂടെ ജില്ലാ സഹകരണ ബാങ്ക് ഒരുക്കിയിരിക്കുന്നത്. ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തി സിൽവർജൂബിലി പ്രത്യേക നിക്ഷേപ പദ്ധതി വൻ വിജയമാക്കണമെന്ന് ബഹുമാന്യരായ എല്ലാ ഇടപാടുകാരോടും അഭ്യർത്ഥിക്കുന്നു.

## ചിത്രജാലകം



*കേന്ദ്രമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രനെ ശാഖാ കെട്ടിടത്തിലേക്ക് സ്വീകരിച്ചാനയിക്കുന്നു*



*ശാഖാ ഉദ്ഘാടനത്തിന്റെ ഭാഗമായി നടന്ന ശിങ്കാരിമേളം*



*അലാമിപ്പള്ളി ശാഖാ ഉദ്ഘാടന ചടങ്ങിന്റെ സദസ്സ്*


മാനേജിംഗ് എഡിറ്റർ
എ അനിൽ കുമാർ
ജനറൽ മാനേജർ

ചീഫ് എഡിറ്റർ
സി ബാലകൃഷ്ണൻ

എഡിറ്റർ
സി സഹദ്

എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ

വി കൃഷ്ണൻ
എം പ്രവീൺകുമാർ
കെ മോഹനൻ
കെ അനീഷ്

# ചിത്രജാലകം



അലാമിപ്പള്ളി ശാഖയുടെ സ്ട്രോങ് റും ഡെപ്യൂട്ടി റജിസ്ട്രാർ (ജനറൽ) കെ ശ്രീധരൻ നായർ ഉദ്ഘാടനം ചെയ്യുന്നു.



കാഞ്ഞങ്ങാട് നഗരസഭാ ചെയർപേഴ്സൺ ഹസീന താജുദ്ധീൻ കമ്പ്യൂട്ടർ സ്വിച്ച് ഓൺ കർമ്മം നിർവ്വഹിക്കുന്നു.



കാഞ്ഞങ്ങാട് നെഹ്റു കോളേജ് പ്രിൻസിപ്പാൾ ഡോ. ഖാദർ മാങ്ങാട് ലോക്കർ ഉദ്ഘാടനം നിർവ്വഹിക്കുന്നു.



വായ്പാ വിതരണം ഉദ്ഘാടനം ചെയ്ത് ജില്ലാ സഹകരണ ബാങ്ക് മുൻ പ്രസിഡന്റ് എം വി കോമൻ നമ്പ്യാർ പ്രസംഗിക്കുന്നു.



കുടുംബശ്രീ വായ്പാ വിതരണം ഉദ്ഘാടനം ചെയ്ത് സ്വാഗത സംഘം ചെയർമാൻ അഡ്വ. സി കെ ശ്രീധരൻ പ്രസംഗിക്കുന്നു.



ആദ്യ നിക്ഷേപം ഏറ്റുവാങ്ങി ജില്ലാ സഹകരണ ബാങ്ക് മുൻ പ്രസിഡന്റ് അഡ്വ. കെ പുരുഷോത്തമൻ പ്രസംഗിക്കുന്നു.

# അറിവിന്റെ മധുരം പകർന്ന് ഭക്ഷ്യസംസ്കരണ ശിൽപ്പശാല




*ശിൽപ്പശാലയിൽ തയ്യാറാക്കിയ മധുര പലഹാരങ്ങളുമായി ഡോ.നിലോഫർ*

**അലാമിപ്പള്ളി:** ജില്ലാ സഹകരണ ബാങ്ക് അലാമിപ്പള്ളി ശാഖ ഉദ്ഘാടനത്തിന് മുന്നോടിയായി ജില്ലാ സഹകരണ ബാങ്കിലെ ക്രെഡിറ്റ് കൗൺസലിംഗ് ആന്റ് ലൈവ്‌ലിഹുഡ് പ്രൊമോഷൻ സെന്ററിന്റെ (കൈത്താങ്ങ് ) നേതൃത്വത്തിൽ സംഘടിപ്പിച്ച ഭക്ഷ്യ സംസ്കരണ ശിൽപ്പശാല വാക്കുകൾക്കപ്പുറം അറിവിന്റെ മധുരം പകർന്ന് നൽകുന്നതായി മാറി. കാസർഗോഡ് കൃഷി വിജ്ഞാന കേന്ദ്രം ശാസ്ത്രജ്ഞയായ ഡോ.നിലോഫർ കേക്ക്, മധുരമുള്ള ബിസ്ക്കറ്റ്, എരിവുള്ള ബിസ്ക്കറ്റ് തുടങ്ങിയ മധുര പലഹാരങ്ങൾ ലളിതമായ രീതിയിൽ തയ്യാറാക്കിയെടുത്തത് വീട്ടമ്മമാരിൽ ഏറെ ആശ്ചര്യവും സന്തോഷവുമുണ്ടാക്കി. മധുര പലഹാരങ്ങൾ ബേക്കറികളിൽ നിന്നും വാങ്ങി ഉപയോഗിക്കുന്നതിന് പകരം വീട്ടിൽ തന്നെ തയ്യാറാക്കുന്നതിന്റെയും കുടിൽ വ്യവസായമായി മധുര പലഹാര നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിന്റെയും പ്രാധാന്യം വിളിച്ചറിയിക്കുന്നതായിരുന്നു ശിൽപ്പശാല.

കാഞ്ഞങ്ങാട് സൗത്ത് പ്രിയദർശിനി സാംസ്കാരിക വേദിയിൽ നടന്ന പരിപാടി പ്രസിഡന്റ് ഡോ. വിവേക് ഉദ്ഘാടനം ചെയ്തു. ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. പി എ ടു പ്രസിഡന്റ് വി കൃഷ്ണൻ, കെ വി സുകുമാരൻ എന്നിവർ പ്രസംഗിച്ചു. ഡോ. നിലോഫർ ക്ലാസെടുത്തു. മാനേജർ കെ മോഹനൻ സ്വാഗതവും അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺ കുമാർ നന്ദിയും പറഞ്ഞു.

ലക്ഷ്മി നഗർ അറയിൽ ഭഗവതി ക്ഷേത്രം മാതൃസമിതിയുടെ സഹകരണത്തോടെ വിജയ കലാസമിതി ഓഫീസിൽ നടന്ന ശിൽപ്പശാല ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

മാതൃസമിതി പ്രസിഡന്റ് സരോജിനി ടീച്ചർ അധ്യക്ഷത വഹിച്ചു. പി എ ടു പ്രസിഡന്റ് വി കൃഷ്ണൻ, മാതൃസമിതി സെക്രട്ടറി ഡോ. രജിതാ റാണി എന്നിവർ പ്രസംഗിച്ചു. ഡോ. നിലോഫർ ക്ലാസെടുത്തു. റീജ്യണൽ മാനേജർ സി തമ്പാൻ സ്വാഗതവും പബ്ലിക് റിലേഷൻസ് ഓഫീസർ സി സഹദ് നന്ദിയും പറഞ്ഞു.

## പശുവളർത്തൽ പദ്ധതി: വായ്പ വിതരണം ചെയ്തു




*പെർള സർവ്വീസ് സഹകരണ ബാങ്ക് നടപ്പിലാക്കുന്ന പശുവളർത്തൽ പദ്ധതി ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ എ അനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു.*

**പെർള:** പെർള സർവ്വീസ് സഹകരണ ബാങ്ക് നടപ്പിലാക്കുന്ന പശുവളർത്തൽ പദ്ധതിപ്രകാരം 15 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് വായ്പ വിതരണം ചെയ്തു. ഒരു ഗ്രൂപ്പിന് 1.5 ലക്ഷം രൂപ വീതം ആകെ 22.5 ലക്ഷം രൂപയാണ് വിതരണം ചെയ്തത്.

പെർള സർവ്വീസ് സഹകരണ ബാങ്ക് ഹാളിൽ നടന്ന പരിപാടി ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ എ അനിൽകുമാർ ഉദ്ഘാടനം ചെയ്തു. എൻമകജെ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ജെ എസ് സോമശേഖര അധ്യക്ഷത വഹിച്ചു. പെർള സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറി ശങ്കരനാരായണ ഭട്ട് പദ്ധതി വിശദീകരിച്ചു. പെർള വെറ്ററിനറി സർജൻ ഡോ.ചന്ദ്രബാബു ക്ലാസെടുത്തു. പെർള സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് എൻ കൃഷ്ണകുമാർ സ്വാഗതം പറഞ്ഞു.

## വായ്പാ വിനിയോഗവും തിരിച്ചടവും: കൗൺസലിംഗ് മീറ്റ് നടത്തി



*നന്ദാവനം വി വി സ്മാരക ഹാളിൽ നടന്ന സെമിനാർ ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.*

**ക്ലായിക്കോട്:** കാസറഗോഡ് ജില്ലാ സഹകരണ ബാങ്കിൽ നബാർഡിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന ക്രെഡിറ്റ് കൗൺസലിങ് ആന്റ് ലൈവ്‌ലിഹുഡ് പ്രൊമോഷൻ സെന്ററിന്റെ (കൈത്താങ്ങ്) ആഭിമുഖ്യത്തിൽ ബാങ്ക് വായ്പ വിനിയോഗവും തിരിച്ചടവും എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു.

ക്ലായിക്കോട് സർവ്വീസ് സഹകരണ ബാങ്കിന്റെയും മുഴക്കോം നിത്യഹരിത ഫാർമേഴ്സ് ക്ലബ്ബിന്റെയും സഹകരണത്തോടെ നന്ദാവനം വി വി സ്മാരക ഹാളിൽ നടന്ന പരിപാടി ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഫാർമേഴ്സ് ക്ലബ്ബ് പ്രസിഡന്റ് കെ കുഞ്ഞികൃഷ്ണൻ അധ്യക്ഷത വഹിച്ചു. കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ കെ സുകുമാരൻ, വാർഡ് മെമ്പർ വി പി പ്രഭ, പബ്ലിക് റിലേഷൻസ് ഓഫീസർ സി സഹദ്, രാമകൃഷ്ണൻ മോനാച്ച എന്നിവർ പ്രസംഗിച്ചു. അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺ കുമാർ ക്ലാസെടുത്തു. ക്ലായിക്കോട് സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് വി കുഞ്ഞിരാമൻ മാസ്റ്റർ സ്വാഗതവും സെക്രട്ടറി മോഹനൻ മേച്ചേരി നന്ദിയും പറഞ്ഞു.

**Edited, Printed & Published by General Manager, Kasaragod District Co-operative Bank Ltd. (Free Circulation only)**
**Phone- 04994-220118, 230118.**